**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2617** **23-02-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ വൈവിധ്യവത്കരണം കാര്യക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ വി ശശി,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സുശക്തമായ സഹകരണമേഖലയെ പരിമിതപ്പെടുത്തുന്നതും ദുർബലപ്പെടുത്തുന്നതുമായ കേന്ദ്രത്തിന്റെ പുതിയ നിയമ പരിഷ്കാരങ്ങളും നിയന്ത്രണങ്ങളും ജനാധിപത്യ രീതിയിൽ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇന്ത്യൻ ഭരണഘടനയിലെ 7 -ാം ഷെഡ്യൂളിലെ എൻട്രി 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. കേന്ദ്ര സർക്കാർ 2022 ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുതിന് Multi State Co-operative Societies (Amendment) ബിൽ കൊണ്ടുവരുകയും 2023 ആഗസ്റ്റ് 3 ന് അത് നിയമമാക്കുകയും, അതുവഴി സംസ്ഥാനങ്ങളിൽ യഥേഷ്ടം സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂല മായി ബാധിച്ചിട്ടുണ്ട്.<br><br>ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ ടി വിഷയത്തിൽ ബഹു. സുപ്രീംകോടതിയിൽ ഭരണഘടനയുടെ 131 വകുപ്പ് പ്രകാരം സർക്കാർ ഒരു സ്യൂട്ട് ഫയൽ ചെയ്തിട്ടുണ്ട്.<br><br>കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ കേന്ദ്ര സർക്കാർ പുറത്തിറക്കിയ 'ദേശീയ സഹകരണ നയം– 2025' ഭരണഘടനയുടെ 7-ാം ഷെഡ്യൂളിൽ വിഭാവനം ചെയ്തിട്ടുള്ള ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമാണ്.<br><br>കേരളത്തിലെ സുശക്തമായ സഹകരണ മേഖലയെ പരിമിതപ്പെടുത്തുന്നതും ദുർബലപ്പെടുത്തുന്നതുമായ കേന്ദ്രത്തിന്റെ പുതിയ നിയമ പരിഷ്കാരങ്ങളും നിയന്ത്രണങ്ങളും നിയമപരമായി നേരിടുന്നതിനോടൊപ്പം ജനാധിപത്യ രീതിയിൽ പ്രതിരോധിക്കേണ്ട വിഷയമാണ്. |
| (ബി) | പുതിയകാല സാങ്കേതിക മുന്നേറ്റങ്ങൾ ഉൾക്കൊണ്ട് സഹകരണ മേഖലയിൽ വൈവിധ്യവത്കരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പുതിയകാല സാങ്കേതിക മുന്നേറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വൈവിധ്യവത്കരണം കാര്യക്ഷമമായി നടപ്പാക്കുന്നതിനായി നിരവധി പദ്ധതികളാണ് സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുള്ളത്.<br><br>1. **<u>കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം</u>**<br>കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 14 ജില്ലാ സഹകരണ ബാങ്കുകളേയും ലയിപ്പിച്ച് "കേരള ബാങ്ക്" എന്ന ബ്രാൻഡ് നാമത്തിൽ ഒരൊറ്റ സ്ഥാപനമായി മാറ്റുകയും കാർഷിക വ്യവസായിക മേഖലകളുടെ വളർച്ചക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.<br>2. **<u>Co-operative Inspection Management System</u>**<br>സഹകരണ മേഖലയുടെ നവീകരണത്തിനും പ്രവർത്തന കാര്യക്ഷമത വർധിപ്പിക്കുന്നതിനുമായി സഹകരണ സംഘങ്ങളുടെ പരിശോധനകൾ ഓട്ടോമേറ്റ് ചെയ്യുന്നതിനുള്ള ഡിജിറ്റൽ സംവിധാനമായ **Co-operative Inspection Management System (CIMA)** നടപ്പിലാക്കിയിട്ടുണ്ട്.<br>3. **<u>Coopkerala</u>**<br>സഹകരണസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽപ്പരം ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി coopkerala എന്ന ഏകീകൃത ബ്രാൻഡിംഗിൽ കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തിട്ടുണ്ട്.<br>4. **<u>ഇ-കോമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി</u>**<br>സഹകരണ മേഖലയിലെ തെരഞ്ഞെടുത്ത 100 ഗുണമേന്മയുള്ള ഉൽപനങ്ങൾ, ഒറ്റബ്രാൻഡിന് കീഴിലാക്കി പൊതുട്രേഡ് |

മാർക്കോടെ ഇ-കോമേഴ്സ് ഫോമിലേക്ക് കൊണ്ടുവരുന്നതിനായി ഇ-കോമേഴ്സ് പ്ലാറ്റ്ഫോം പദ്ധതി ആരംഭിച്ചു.

5. **സഹകരണ എക്സ്പോ**

   സഹകരണ ഉൽപ്പന്നങ്ങളെ കൂടുതൽ ജനങ്ങളിലേക്ക് പരിചയപ്പെടുത്തുന്നതിനും കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനും സഹകരണ വകുപ്പ് നടത്തിവരുന്ന സഹകരണ എക്സ്പോയിലൂടെയും ഡൽഹിയിൽ നടക്കുന്ന അന്തർദേശീയ ട്രേഡ് ഫെയറിലൂടെയും കഴിഞ്ഞിട്ടുണ്ട്.

6. **PAPCOS, KAPCOS**

   പാലക്കാട് ജില്ലയിലെ നെൽകർഷകരെ സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപറേഷൻ വഴി സർക്കാർ നിയന്ത്രണത്തിൽ പൊതു മാർക്കറ്റിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS). ഉം പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പിരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുണ്ട്.

7. **മാലിന്യമുക്ത കേരളം**

   ‘മാലിന്യമുക്ത കേരളം’ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് സഹകരണ വകുപ്പ് “നെറ്റ് സീറോ എമിഷൻ പദ്ധതി സഹകരണ വകുപ്പിലൂടെ” എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

8. **Co-operative Initiative in Technology Driven Agriculture (CITA).**

   സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സര ക്ഷമതയും പ്രവർത്തന ക്ഷമതയും വർദ്ധിപ്പിക്കുന്ന തിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. കൃഷിയെ

പ്രോത്സാഹിക്കുന്നതിനും, അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപ്പന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർദ്ധിത ഉൽപ്പന്നമാക്കൽ, ചില്ലറ വിൽപ്പന എന്നിവയെ പരിപോഷിപ്പിച്ച് 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

9. **<u>MRF Portal (Member Relief Fund)</u>**

   അംഗ സമാശ്വാസ നിധി (Member Relief Fund) പദ്ധതിയിലേക്കുള്ള അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതിനായി രൂപീകരിച്ച പദ്ധതി.ഈ സംവിധാനത്തിലൂടെ അപേക്ഷ സമർപ്പണം ലളിതമാക്കുന്നതിനും അപേക്ഷകളുടെ സ്റ്റാറ്റസ് ഓൺലൈനായി അറിയാൻ സാധിക്കുന്നതിനും, ഓഫീസുകളുടെ ജോലിഭാരം കുറയ്ക്കുന്നതിനും, ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനും സാധിക്കുന്നു.

10. **<u>അങ്ങാടി കേരള ആപ്പ്</u>**

    സഹകരണ മേഖലയിലെ കാർഷിക ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമുള്ള ഓൺലൈൻ മൊബൈൽ ആപ്ലിക്കേഷനായ "അങ്ങാടി കേരള ആപ്പ്" വികസിപ്പിക്കുന്നതിന് സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.

11. **<u>ഫെനി നിർമ്മാണം</u>**

    കേരളത്തിൽ സുലഭമായി ലഭിക്കുന്ന കശുമാങ്ങ ഉപയോഗിച്ച് പ്രാഥമിക സഹകരണസംഘങ്ങൾ (PACS) ഫെനി ഉൽപ്പാദിപ്പിക്കുകയും, കൺസ്യൂമർ ഫെഡ് ഔട്ട് ലെറ്റുകൾ വഴി വിപണനം നടത്തുകയും ചെയ്യുന്ന ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12. **<u>സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിൽ ഓൺലൈൻ സോഫ്റ്റ് വെയർ</u>**

    സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ഫലപ്രദവും ആക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായുള്ള മത്സര പരീക്ഷ സംവിധാനം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനായി ഓൺലൈൻ സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 13. **<u>കോ-ഓപ്പ് കണക്ട് (Co-op Connect App)</u>**<br>സഹകരണ മേഖലയിലെ വിവിധ ഗാർഹിക സേവനങ്ങളെ ഒരു ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്ന പദ്ധതിയാണിത്. |
| (സി) | സഹകരണ സംഘങ്ങളെ നൂതന മാറ്റങ്ങൾക്ക് സജ്ജമാക്കുന്നതിനായി ഈ സ്ഥാപനങ്ങളെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സഹകരണ സ്ഥാപനങ്ങളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്നതിനായി ആവിഷ്കരിച്ച പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. **<u>Society Byelaw Registration and Amendment System (CORASS)</u>**<br>സഹകരണ സംഘങ്ങളുടെ ബൈലോ രജിസ്ട്രേഷൻ, ബൈലോ ഭേദഗതി എന്നിവ കൂടുതൽ സുതാര്യവും കാര്യക്ഷമവുമായി നടപ്പിലാക്കുന്ന തിനായി ICDMS വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്. ഇതിന് കൂടുതൽ സമഗ്രത നൽകുന്നതിനായി Sub Rule അംഗീകാരം കൂടി ഉൾപ്പെടുത്തി, ബൈലോ രജിസ്ട്രേഷൻ/ഭേദഗതി നടപടികൾ കൂടുതൽ വേഗത്തിലും ഫലപ്രദമായും നടത്തുന്നതിനുള്ള പുതിയ വെബ് സൈറ്റ് CORASS എന്ന പേരിൽ സി-ഡിറ്റിന്റെ സഹകരണത്തോടെ നിർമ്മാണം നടത്തി വരുന്നു.<br>2. **<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ യൂണിഫോം സോഫ്റ്റ്‌വെയർ</u>**<br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനിക വൽക്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനുമായി യൂണിഫോം സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br>നിലവിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ് തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ് വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ്വ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി |

PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുമാണ് യൂണിഫോം സോഫ്റ്റ് വെയറിനുള്ള RFP തയ്യാറാക്കിയിട്ടുള്ളത്.

3. **<u>കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് ഓൺലൈൻ പോർട്ടൽ</u>**

   സംസ്ഥാനത്തെ സഹകരണ ബാങ്ക്/ സംഘങ്ങളുടെ പരിരക്ഷയും ക്ഷേമവും ഉറപ്പാക്കുക, വികസന പദ്ധതികൾ നടപ്പിലാക്കുക എന്നീ ലക്ഷ്യത്തോടെ പ്രവർത്തിച്ചു വരുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർണമായും ഓൺലൈൻ ആക്കുന്നത് ഉൾപ്പെടെ ബോർഡിലെ എല്ലാ ജോലികളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും ആയതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ സ്റ്റാർട്ടപ്പ് കമ്പനിയെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

4. **<u>Cooperative Employee Management System (CEMS)</u>**

   സർക്കാർ ജീവനക്കാർക്കായുള്ള സോഫ്റ്റ്‌വെയർ ആയ SPARK മാതൃകയിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി ഒരു സോഫ്റ്റ്‌വെയർ സംവിധാനം തയ്യാറാക്കുക എന്നതാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

5. **<u>സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം</u>**

   സഹകരണ സംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി വെബ് ആപ്ലിക്കേഷൻ വികസിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി ആപ്ലിക്കേഷൻ കാലാനുസൃതമായി അപ്ഡേഷൻ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

6. **<u>Co-operative Audit Monitoring & Information System (CAMIS)</u>**

   സഹകരണ ഓഡിറ്റ് കൂടുതൽ സുതാര്യവും കാര്യക്ഷമവും ആക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി CAMIS എന്ന ഓൺലൈൻ ആപ്ലിക്കേഷൻ വികസിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 7. **<u>കേരളാ ബാങ്കിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**<br>കേരള ബാങ്ക് ഉപഭോക്താക്കൾക്കായി UPI (Unified Payment Interface), റീട്ടെയിൽ ഉപഭോക്താക്കൾക്കായി KB Prime എന്ന പേരിലും കോർപ്പറേറ്റ് ഉപഭോക്താക്കൾക്കായി KB Prime Plus എന്ന പേരിലുള്ള മൊബൈൽ ബാങ്കിംഗ് ആപ്പ്, IMPS, NEFT, RTGS, ATM, PoS, Ecom Services, NACH/APBS /AADHAAR Payment Bridge System, CTS ഉടങ്ങിയ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ നൽകി വരുന്നു. കേരളാ ബാങ്കിൽ നിന്നും നിലവിൽ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് KB Prime Plus മൊബൈൽ ആപ്പ് മുഖാന്തിരം പ്രതിദിനം **55** ലക്ഷം രൂപ വരെ ഫണ്ട് ട്രാൻസ്ഫർ നടത്തുന്നതിനുള്ള സൗകര്യമുണ്ട്. RBI യിൽ നിന്നും ഇന്റർനെറ്റ് ബാങ്കിംഗ് ലൈസൻസ് ലഭ്യമാകുന്ന മുറയ്ക്ക് എല്ലാവിധ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സൗകര്യങ്ങളും സഹകരണ സംഘങ്ങൾക്ക് കേരള ബാങ്ക് പ്രദാനം ചെയ്യുന്നതാണ്. |
| (ഡി) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ വൈവിധ്യവത്കരിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ വൈവിധ്യവത്കരിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വകുപ്പുതലത്തിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ബൈലോ വ്യവസ്ഥകൾക്ക് വിധേയമായി സഹകരണ സംഘങ്ങൾക്ക് ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്. ഇപ്രകാരം കണ്ണൂർ ജില്ലയിൽ 8 സംഘങ്ങൾക്കും, എറണാകുളം, മലപ്പുറം ജില്ലകളിൽ 2 സംഘങ്ങൾക്ക് വീതവും, പാലക്കാട്, തൃശ്ശൂർ, കൊല്ലം ജില്ലകളിൽ ഓരോ സംഘത്തിന് വീതവും ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ